(എ) ധർമ്മടം ദ്വീപിന്റെ വികസനം ധർമ്മടം-പറശ്ശിനികടവ് റോഡ് തലശ്ശേരി ധർമ്മടം ബീച്ചുവികസനം.

(ബി) ഇല്ല.

ടൂറിസം വകുപ്പിൽ മാനേജർ ഗ്രേഡ് I തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന നിയമനം

133 (1891) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിൽ മാനേജർ ഗ്രേഡ് I തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന നിയമനം ലഭിക്കുന്നതിന് ഫീഡർ കാറ്റഗറിയിലുള്ളവരുടെ യോഗ്യതയിൽ സാങ്കേതിക പരീക്ഷാ കൺട്രോളർ നൽകുന്ന യോഗ്യത സർട്ടിഫിക്കറ്റായ ഫുഡ് ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് ഇൻ ഹോട്ടൽ റിസപ്ഷൻ, ബുക്ക് കീപ്പിംഗ് ആന്റ് ടൈപ്പ്റൈറ്റിംഗ് മതിയായ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പ്രസ്തുത കോഴ്സ് യോഗ്യതയായി അംഗീകരിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടാത്ത തസ്തികകൾ

134 (1892) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വകുപ്പിൽ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടാത്ത എത്ര തസ്തികകൾ നിലവിലുണ്ട് ;

(ബി) ഇതിൽ ഓരോന്നിനും വേണ്ട യോഗ്യത എന്തെല്ലാമാണ് ;

(സി) ഇവയിൽ ഏതിലെങ്കിലും യോഗ്യതയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) ഇതിൽ ടൂറിസം വകുപ്പിലെ ജീവനക്കാർക്ക് നിയമനം ലഭിക്കുന്ന തസ്തികകൾ ഏതെല്ലാമാണ് ;

(ഇ) എക്സിക്യൂട്ടീവ് ഉത്തരവിൻപ്രകാരം സൃഷ്ടിക്കപ്പെട്ടതും പ്രത്യേക യോഗ്യതകൾ നിഷ്കർഷിച്ചിട്ടുള്ളതുമായ തസ്തികയിലേക്കുള്ള ട്രൈബ്രാൻസ്ഫർ മുഖേനയോ അല്ലാതെയോയുള്ള നിയമനങ്ങൾക്ക് യോഗ്യതയുള്ളവരില്ലെങ്കിൽ അനുബന്ധ ഓഫീസർ കാറ്റഗറിയിൽ പ്രസ്തുത തസ്തികയ്ക്കുവേണ്ട യോഗ്യതയുള്ളവരെ പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, കുക്ക് എന്നീ തസ്തികകൾ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടിട്ടില്ല. ഇവ സ്പെഷ്യൽ റൂൾസിൽ കൊണ്ടു വരുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് :

എസ്.എസ്.എൽ.സി.-യും ഗവൺമെന്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും നേടിയ ഫുഡ് & ബിവറേജസ് സർവ്വീസിലുള്ള ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സർക്കാർ അംഗീകരിച്ചിട്ടുള്ള തത്തുല്യ യോഗ്യത.

കുക്ക് :

എസ്.എസ്.എൽ.സിയും ഗവൺമെന്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും നേടിയ ഫുഡ് പ്രൊഡക്ഷനിലുള്ള കെ.ജി.സി.ഇ. അല്ലെങ്കിൽ സർക്കാർ അംഗീകരിച്ചിട്ടുള്ള തത്തുല്യ യോഗ്യത (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*)

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഈ രണ്ട് കാറ്റഗറികളിലേയും 50% തസ്തികകളിൽ ടൂറിസം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം ലഭിക്കാൻ വ്യവസ്ഥയുണ്ട്.

(ഇ) ഇക്കാര്യം ഇപ്പോൾ പരിണനയിലില്ല.

തിരുവനന്തപുരം നഗരത്തിലെ വികസന പ്രവർത്തനങ്ങൾ

135 (1893) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ വികസന പ്രവർത്തനങ്ങൾക്ക് ആധാരമായ മാസ്റ്റർപ്ലാനിന് എന്നാണ് രൂപം നൽകിയതെന്ന് വ്യക്തമാക്കുമോ :

(ബി) പ്രസ്തുത മാസ്റ്റർപ്ലാൻ എത്ര വർഷം മുന്നിൽകണ്ടുകൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ :

(സി) പ്രസ്തുത മാസ്റ്റർപ്ലാൻ തയ്യാർ ചെയ്തതിനുശേഷം റിവൈസ് ചെയ്തിട്ടുണ്ടോ ; എങ്കിൽ എന്നാണ് റിവൈസ് ചെയ്തതെന്ന് വ്യക്തമാക്കുമോ :

(ഡി) റിവൈസ് ചെയ്തപ്രകാരമുള്ള പ്ലാൻ എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly